**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3121** **11-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുന്നിയൂർ ഗവൺമെൻറ് എച്ച്. എസ്. എസ്.-ൽ ഓഡിറ്റോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചെറുന്നിയൂർ ഗവൺമെൻറ് എച്ച്.എസ്.എസ്.-ൽ പുതിയ ഓഡിറ്റോറിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | ചെറുന്നിയൂർ ഗവൺമെന്റ് എച്ച്.എസ്.എസിൽ പുതിയ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് വേണ്ടി 07/10/2024 തീയതിയിലെ G.O.(Rt) No.6954/2024/GEDN ഉത്തരവ് പ്രകാരം 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് നിലവിലെ പ്ലാനിലെ ആവശ്യങ്ങൾക്ക് മാറ്റം വരുത്താതെ തന്നെ ഒരു പുതിയ പ്ലാൻ തയ്യാറാക്കുകയും, ആയത് അംഗീകരിക്കുന്നതിന് വേണ്ടി സ്കൂൾ അധികൃതരും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും, നാട്ടുകാരും, ബഹു.എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ സ്കൂളിൽ വെച്ച് 11/12/2024 തീയതിയിൽ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. എന്നാൽ പ്ലാനിലെ മാറ്റങ്ങളെ അംഗീകരിക്കാനോ മനസ്സിലാക്കാനോ നാട്ടുകാർ തയ്യാറായില്ല. സാങ്കേതിക പ്രശ്നങ്ങൾ വരുമെന്ന് ഉറപ്പുള്ള പഴയ പ്ലാനുമായി മുന്നോട്ടു പോകണമെന്നാണ് അവരുടെ ആവശ്യം. ആയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം, തിരുവനന്തപുരം , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെഡിക്കൽ കോളേജ് സബ്ഡിവിഷൻ, തിരുവനന്തപുരം ഡെപ്യൂട്ടി ആർക്കിടെക്ട് എന്നിവരടങ്ങിയ വിദഗ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മറ്റി 03/01/2025 തീയതിയിൽ സൈറ്റ് സന്ദർശിക്കുകയും ചെയ്തു. വിദഗ്ധ സമിതിയുടെ നിർദ്ദേശപ്രകാരം Topographic Survey എടുക്കുകയും ആയത് ആർക്കിടെക്ചറൽ വിംഗിന് കൈമാറുകയും ചെയ്തു. ആയതിനെ തുടർന്ന് നിലവിൽ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ ആർക്കിടെക്ച്ചറൽ പ്ലാൻ അംഗീകാരത്തിനായി വിദഗ്ധ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ധ സമിതി അംഗീകരിച്ച ശേഷം പ്രിൻസിപ്പൽ ന്റെ അനുമതിയോടെ TS പ്രൊപ്പോസൽ തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ